പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4729** **29.6.2012-ൽ മറുപടിക്ക്**

**ഹരിതഗ്രാമം-ശുചിത്വഗ്രാമം പദ്ധതി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) ഹരിതഗ്രാമം-ശുചിത്വഗ്രാമം പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കാമോ; | എ) ഹരിതഗ്രാമം - ശുചിത്വഗ്രാമം പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് തുക അനുവദിച്ചിട്ടില്ല. കേന്ദ്രസർക്കാരിൽ നിന്നുള്ള സഹായത്തിനായി വിശദമായ പദ്ധതി തയ്യാറായിവരുന്നു. |
| ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; | ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ഇതുവരെ രൂ.56345/- ചെലവഴിച്ചിട്ടുണ്ട്. |
| സി) ഏതെങ്കിലും ഗ്രാമപഞ്ചായത്തുകൾ പ്രസ്തുത ആവശ്യത്തിനായി കൂടുതൽ തുക ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ; | സി) ഇല്ല. |
| ഡി) പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിനും, മാലിന്യങ്ങൾ നീക്കം ചെയ്ത് ശുചിത്വമാക്കുന്നതിനും ഗ്രാമപഞ്ചായത്തുകൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ | ഡി) പരിഗണനയിലുണ്ട്.കേന്ദ്രസർക്കാരിൽ നിന്നും സാമ്പത്തിക സഹായത്തിനായി പദ്ധതി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഒരു പഞ്ചായത്തിന് 20 ലക്ഷം രൂപ കിട്ടത്തക്കവിധമാണ് പദ്ധതി തയ്യാറാക്കുന്നത്. ഇതിനുള്ള 70 ശതമാനം തുക കേന്ദ്രസർക്കാരിൽ നിന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ